**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയും എല്ലാ കുടുംബങ്ങളേയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ജനകീയ ക്യാമ്പയിനായ 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ ഉല്പാദനം, വിപണനം, സംസ്കരണം, സേവനം എന്നീ മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച 21575 എണ്ണം 'കൃഷി കൂട്ടങ്ങൾ' ഇപ്പോൾ പ്രവർത്തനം നടത്തി വരുന്നു. പച്ചക്കറി, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, തെങ്ങ്, കവുങ്ങ് എന്നീ കൃഷികൾക്കും മൂല്യ വർദ്ധനവിനും വിപണനത്തിനായും പ്രസ്തുത കൃഷികൂട്ടങ്ങൾ പ്രവർത്തിച്ച് വരുന്നു.<br><br>കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി പ്രയോജനപ്പെടുത്തുക വഴി ഉല്പാദന വർദ്ധനവും കർഷകന്റെ വരുമാന വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ടുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിലൂന്നിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുന്നതിനും, കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട ഉല്പാദക സംഘങ്ങളെ കർഷക കമ്പനികളായി |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് ഇത് സഹായിക്കുന്നതാണ്.<br><br>കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി അവരുടെ ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി സ.ഉ.(കൈ) നമ്പർ 72/2023/കൃഷി തീയതി 09/08/2023 പ്രകാരം കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകൃതമായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക വിദ്യാവ്യാപനത്തിനും വില ഉറപ്പാക്കുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ ലഘു വിവരണം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും മണ്ണിനേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് 'ജൈവകൃഷി' മിഷനും സുരക്ഷിതവും സമീകൃതവുമായ ഭക്ഷ്യ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി 'പോഷകസമൃദ്ധി' മിഷനും ഉടൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | കർഷകർക്ക് കൃഷിയെപ്പറ്റി പുതിയ അറിവ് നല്കാൻ കൃഷിഭവനുകൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പുതിയ കൃഷിരീതികളെ കുറിച്ച് കർഷകർക്ക് വിവിധ തരത്തിലുള്ള പരിശീലനങ്ങളും സാങ്കേതിക ഉപദേശവും കൃഷിഭവൻ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലൂടെ കൂടുതൽ വിളവ് കരസ്ഥമാക്കുവാൻ കർഷകരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ ഇവ കൃഷിഭവൻ മുഖേന വിതരണം ചെയ്തു വരുന്നു. അത്തരത്തിൽ പുതിയ ഇനങ്ങളുടെ പ്രവർത്തനമികവ് നേരിൽ കണ്ട് മനസ്സിലാക്കുന്നതിനും സാധിക്കുന്നു. രോഗകീടാക്രമണങ്ങളെ കുറിച്ച് കൃഷിഭവൻ തലത്തിൽ കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും അതിനൂതന സംയോജിത പരിപാലന മുറകളെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

കൃഷി വകുപ്പിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ വഴി നൂതന കൃഷി സമ്പ്രദായങ്ങളെ കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നതിനും കൃഷിഭവനുകൾ മുഖ്യ പങ്ക് വഹിക്കുന്നു. കൃഷിവകുപ്പിന്റെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ കർഷകരെ അയച്ച് പുതിയ കൃഷിരീതികൾ പ്രായോഗികമാക്കുന്നതിനും കൃഷിഭവനുകൾ കർഷകരെ പ്രാപ്തരാക്കുന്നുണ്ട്.

വിവിധ മുന്നറിയിപ്പ് സംവിധാനങ്ങളിലൂടെ കീടരോഗാക്രമണങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് കൃഷിഭവൻ തലത്തിൽ നൽകുന്നുണ്ട്. കൂടാതെ മണ്ണ് പരിശോധന നടത്തി കൃത്യമായി വളം ചെയ്യേണ്ടതിന്റെ ആവശ്യകത, പുതിയതരം വളങ്ങൾ പുതിയ രീതികളിലൂടെ ഉപയോഗിക്കുന്നതിന്റെ മേന്മ, ശാസ്ത്രീയമായ സസ്യപോഷണത്തിലൂടെ കൃഷിച്ചെലവ് കുറയ്ക്കുന്നതിനുള്ള സാങ്കേതിക വിദ്യ എന്നിവയും കൃഷിഭവൻ തലത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

നൂതന കൃഷിരീതികൾ കർഷകരിൽ എത്തിക്കാനുള്ള വിവിധ പദ്ധതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികളും നിർവ്വഹിച്ച് പുതിയ കൃഷിരീതികൾ കർഷകർക്ക് അനുഭവവേദ്യമാക്കുന്നത് കൃഷിഭവനിലൂടെയാണ്.

വിവിധ സമൂഹമാധ്യമങ്ങളിലൂടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് വിജയം നേടിയ കർഷകരുടെ വിജയഗാഥകൾ കൃഷിഭവനുകൾ പ്രചരിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ കർഷകദിനം പോലുള്ള പരിപാടികളിൽ വിവിധ കാർഷിക മേഖലകളിൽ പുത്തൻ അറിവുകളുപയോഗിച്ച് വ്യക്തിമുദ്രപതിപ്പിച്ച കർഷകരെ ആദരിക്കുന്നുണ്ട്. ഇത് സഹകർഷകർക്ക് ഇവർ നേടിയ പുത്തൻ അറിവുകൾ പ്രചോദനമാകുന്നുണ്ട്.

കൃഷിയിട സന്ദർശനങ്ങളിലൂടെ ലീഡ്സ് (LEADS) പദ്ധതിയിലൂടെയും, പ്രതിമാസ സാങ്കേതിക ഉപദേശക സംവിധാനത്തിലൂടെയും (Monthly Technology Advisory), കർഷകന്റെ കൃഷിയിടത്തിൽ കൃഷി പാഠശാലകൾ (Farm School) നടപ്പിലാക്കിയും കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ ഫീൽഡ് തലത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സാധിക്കുന്നു.

കൃഷി ഉദ്യോഗസ്ഥർ തങ്ങളുടെ ഫീൽഡ് സന്ദർശനത്തിന്റെ ഭാഗമായി കർഷകർക്ക് പുതിയ

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യകളെ കുറിച്ചുള്ള അറിവുകൾ സമയോചിതമായി നൽകിവരുന്നു.<br><br>കർഷകർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുവാൻ വേണ്ടി സംസ്ഥാനത്ത് 'സ്റ്റേറ്റ് അഗ്രികൾച്ചർ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്' (SAMETI) യും മേഖല അടിസ്ഥാനത്തിൽ 'റീജിയണൽ അഗ്രികൾച്ചറൽ ടെക്നിക്കൽ ട്രെയിനിങ് സെന്റേഴ്സും' പ്രവർത്തിച്ചു വരുന്നു. |
| (സി) | കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഫീൽഡ് പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | സാങ്കേതിക വിദ്യ കൈമാറ്റം സുഗമമാക്കുന്നതിനും പ്രാദേശിക തലത്തിൽ ഫീൽഡ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി വാർഡ് തലത്തിലുള്ള ഗ്രൂപ്പ് കർഷക സമ്പർക്ക സംവിധാനം നടപ്പിലാക്കുന്നതിനായി അഗ്രോ ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ട് ആക്കുന്നതിന്റെ ഭാഗമായി കൃഷിഭവനിൽ e-governance സംവിധാനം ഏർപ്പെടുത്തുകയും കർഷകർക്കുള്ള മറ്റ് സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും കൃഷിഭവനുകളെ പ്രാപ്തമാക്കുക വഴി കൃഷി ഉദ്യോഗസ്ഥരുടെ കൃഷിയിട സന്ദർശനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ സാധിക്കുന്നു.<br><br>2022-23 സാമ്പത്തിക വർഷം ആരംഭിച്ച ഫാം പ്ലാൻ പദ്ധതിയിലും കൃഷിയിട സന്ദർശനങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. |
| (ഡി) | വിലത്തകർച്ച, ഉത്പാദന ചെലവ്, രോഗം വന്ന് തെങ്ങുകൾ നശിക്കൽ തുടങ്ങി നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുന്നതിനായി കർഷകരിൽനിന്നും കിലോഗ്രാമിന് 34 രൂപാ നിരക്കിൽ പച്ചത്തേങ്ങ സംഭരിച്ചു വരുന്നു. കേന്ദ്രം നൽകുന്ന താങ്ങു വിലയ്ക്ക് പുറമെ (29.30 രൂപ) സംസ്ഥാനം പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.70 രൂപ നിരക്കിൽ അധികം നൽകി 34 രൂപ അടിസ്ഥാന വില കർഷകന് കൊപ്രാ സംഭരണത്തിലും ഉറപ്പാക്കുന്നുണ്ട്.<br><br>നാളികേര കൃഷി വികസനത്തിനായി 6892 ലക്ഷം രൂപ 2023-24 വർഷം വകയിരുത്തി സമഗ്രമായ നാളികേര പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി വരുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണവും സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള |

| | | | |
|---|---|---|---|
| | | | തൈകൾ കർഷകർക്ക് ലഭ്യമാക്കൽ ഇവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതുവരെ 433 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 50 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | പദ്ധതി വിവരം |
|---|---|---|---|
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം | | |
| a | പ്രീ-പ്രൊഡക്ഷൻ സപ്പോർട്ട് ഉൾപ്പെടെയുള്ള ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രൊഡക്ഷൻ പ്രോഗ്രാം | 1200.00 | ഓരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുന:ചംക്രമണം (Bio- recycling) ഉൽപന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉല്പാദനം സാധ്യമാക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ. |
| b | പ്രൊഡക്ഷൻ ഓർഗനൈസേഷനുകളുടെയും സാങ്കേതിക പിന്തുണയുടെയും വികസനം സംബന്ധിച്ച പദ്ധതി | 650.00 | |
| c | FPD പ്രോഗ്രാമിന് കീഴിലുള്ള സപ്ലൈ ചെയിൻ/ വാല്യൂ ചെയിൻ വികസനവും സംയോജനവും സംബന്ധിച്ച സ്കീം | 500.00 | |
| 4 | നെല്ല് വികസനം | 9510.00 | കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതി വർദ്ധനവും വികസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഉല്പാദനക്ഷമത, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും |
| 5 | പച്ചക്കറി വികസനം | 7045.00<br>2300.00 | |
| 6 | നാളികേര വികസനം | 6895.00 | |
| 7 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 460.00 | |
| 8 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം | 1892.00 | |

| | | | |
|---|---|---|---|
| 9 | വിള വൈവിധ്യകരണം വിള തീവ്രത അവതരണം (പുതിയ സ്കീം) | 3000.00 | ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി. ഇടവിളയായിട്ടോ, പ്രാഥമിക വിളയ്ക്ക് ശേഷമോ, അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റു ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ കാലാവസ്ഥയിലും മണ്ണിലും ചെറുധാന്യങ്ങൾ, ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർവർഗ്ഗങ്ങളും എള്ള്, നിലക്കടല തുടങ്ങിയ എണ്ണ വിത്തുകളും ആദായകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവ നെല്ലിന്റെ കാലാനുസൃതമായ തരിശുനിലങ്ങളിലും തെങ്ങ് പോലുള്ള തോട്ടവിളകളുടെ ഇടവിളയായിട്ടും കൃഷി ചെയ്യാനും സാധിക്കും. |
| 10 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും | 550.00 | മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്ധാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| 11 | വിള ആരോഗ്യ മാനേജ്മെന്റ് | 1300.00 | ആവാസ വ്യവസ്ഥ സുസ്ഥിരമായി നിലനിർത്തുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിപാലനമാർഗ്ഗങ്ങൾ കൊണ്ടുവരിക എന്നതാണ് വിളആരോഗ്യ പരിപാലനത്തിന്റെ സമീപനം. |
| 12 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 600.00 | സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനം നല്ല കൃഷി രീതികളിലൂടെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| 13 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 1525.00<br>200.00 | സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമുള്ള അളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| 14 | വകുപ്പുതല ലബോറട്ടറികളുടെ നവീകരണം | 400.00 | കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്ന വകുപ്പുതല ലബോറട്ടറികളുടെ പ്രവർത്തന സഹായമാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| 15 | ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും | 575.00 | |
| 16 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 3028.00 | കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി കൈമാറ്റം ചെയ്യുന്നതിനായി വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവശേഷി വികസനത്തിനുമായി 3863.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 17 | കാർഷിക വിവരവും വിനിമയവും | 600.00 | |
| 18 | മാനവശേഷി വികസനം | 335.00 | |
| 19 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ | 1181.00<br>800.00 | കാർഷിക മേഖലയിൽ വർദ്ധിച്ച് വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവത്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 20 | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി | 3000.00 | നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പു വരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര നടപടി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 21 | പ്രകൃതിദുരന്തങ്ങളും കീടങ്ങളും രോഗങ്ങളും നേരിടുന്നതിനുള്ള ആകസ്മിക പരിപാടി | 750.00 | |

| | | | |
|---|---|---|---|
| 22 | കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം | 1700.00 | കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കാർഷിക മേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| 23 | കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ | | കാർഷിക വിപണനം, സംഭരണം, വെയർഹൗസിംഗ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും മൂല്യവർദ്ധനവും എന്നിവയ്ക്കായി 7380.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| എ) | വിപണി വികസനം | 1290.00 | |
| ബി) | വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ പിന്തുണ | 2825.00 | |
| 24 | വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനയും | 2000.00 | |
| 25 | ഹോർട്ടികോർപ്പിലേക്ക് മൂലധനം പങ്കിടുക | 100.00 | |
| 26 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായം | | |
| എ) | ഗോഡൗൺ കം അഗ്രി കോംപ്ലക്സിന്റെ നിർമാണം | 100.00 | |
| ബി) | കമ്പ്യൂട്ടറൈസേഷൻ | 10.00 | |
| 27 | RIDF-ന് കീഴിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട് | 1000.00 | കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനും മറ്റാവശ്യങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. |
| 28 | കർഷക ക്ഷേമനിധി ബോർഡ് | 100.00 | കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ്. |
| 29 | സമുദ്ര നിരപ്പിന് താഴെയുള്ള കൃഷിക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട് | 25.00 | കുട്ടനാട് മേഖലയിലെ നൂതന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| 30 | കേന്ദ്രാവിഷ്കൃത പദ്ധതി - സംസ്ഥാന വിഹിതം | 10320.00 | സംയോജിത പദ്ധതി, കൃഷി ഉന്നതി യോജന ഉൾപ്പടെയുള്ള മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ (40 ശതമാനം സംസ്ഥാന വിഹിതം) |

**സെക്ഷൻ ഓഫീസർ**